LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി

32 (7589) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ ഏതെല്ലാം ബാങ്കുകളാണ് നൽകുന്നതെന്ന് പറയാമോ ; ഏതെല്ലാം കോഴ്സുകൾക്ക് എത്ര തുക വീതമാണ് വായ്പ അനുവദിക്കുന്നതെന്ന് പറയാമോ ;

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ; ഇതിന് എന്തെല്ലാം ഈടുകളാണ് നൽകേണ്ടതെന്ന് പറയാമോ ;

(സി) വിദ്യാഭ്യാസ വായ്പയായി നാല് ലക്ഷം രൂപവരെ നൽകണമെന്ന് റിസർവ് ബാങ്ക് നിഷ്കർഷിക്കുമ്പോൾ പല ബാങ്കുകളും 2.5 ലക്ഷം രൂപപോലും നൽകുന്നില്ല എന്നതും പാൻകാർഡ്, പാസ്സ്പോർട്ട്, വസ്തുജാമ്യം തുടങ്ങിയ രേഖകൾ ആവശ്യപ്പെടുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരം തുക കുറച്ചുനൽകുകയും അപേക്ഷകരായ വിദ്യാർത്ഥികളെ അനാവശ്യമായി രേഖകളും ജാമ്യവും ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുകയും വായ്പ നിഷേധിക്കുകയും ചെയ്യുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകിവരുന്നു. സർക്കാർ അംഗീകാരമുള്ള എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സർക്കാർ അംഗീകൃത ഫീസ് അനുസരിച്ചാണ് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്.

(ബി) ഐ.ബി.എ. യുടെ മാതൃകാ വിദ്യാഭ്യാസ വായ്പ പദ്ധതി പ്രകാരമാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്യുന്നത്. മാതൃകാ വിദ്യാഭ്യാസ വായ്പ പദ്ധതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ അതാതു ബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.